നം.കെ.എസ്.എ-കെ.ടി.എം.പി12/139/2017 തീയതി : 08.02.2017

# കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 22.01.2016 മുതൽ 31.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഇവയിൽ പലതും ഓഡിറ്റ് പൂർത്തീകരണത്തിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് ലഭ്യമാക്കിയവയാണ്(ചിലവ ഇടക്കാല മറുപടികളുമാണ്.). ഓഡിറ്റ് പരാമർശങ്ങൾ 04.02.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത വിഷയങ്ങളിലെ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി റംലാബീവി പി.എ., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.01.2017 മുതൽ 04.02.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി റോസമ്മ ബാബു | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.മാത്യൂസ് റ്റി.എസ്. | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.അരവിന്ദാക്ഷൻ നായർ | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീ.രഞ്ജിത്ത് ജേക്കബ് കെ. (ജോയിന്റ് ബി.ഡി.ഒ. സെക്രട്ടറി (ഇൻ ചാർജ്ജ്) | 1.12.15 – 21.12.15 |
| | ശ്രീമതി ശ്രീലേഖ സി. | 22.12.2015 മുതൽ 31.03.2016 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ | ശ്രീ.ബിനോയി ആർ. | 01.04.2015 മുതൽ 31.03.2016 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി ബി.കെ.ഗ്ലാഡിസ് പത്മം | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സുരേഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (സൂപ്രണ്ട്), താലൂക്ക് ആശുപത്രി-പാമ്പാടി | ഡോ.മനോജ് കെ.എ. | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ഖണ്ഡികനമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | ക്യാഷ് വെരിഫിക്കേഷൻ |
| 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-9 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | കമ്പ്യൂട്ടർ രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ |
| 2-3 | ധനകാര്യ പത്രികയിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ട് നിലനിൽക്കുന്നു |
| 2-4 | കെട്ടിട വാടക - നടപടിക്രമങ്ങളിൽ അപാകത |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഐ.എ.വൈ. ലോൺ തുക വക മാറ്റിയത്/ബാധ്യത സംബന്ധിച്ച അവ്യക്തത |
| 3-2 | ഹാംലെറ്റ് പദ്ധതി-പദ്ധതി നിർവ്വഹണത്തിൽ പുരോഗതിയില്ല |

| | |
|---|---|
| 3-3 | ചെങ്ങളം-പള്ളിക്കത്തോട് ഡിവിഷനുകളിൽ മന്ദിരം-ബൈപാസ് റോഡ്, കാഞ്ഞിരമറ്റം-വേങ്ങന്താനം റോഡ് അറ്റകുറ്റപ്പണി-പ്രവൃത്തിയുടെ നടത്തിപ്പിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും ഗുരുതരമായ വീഴ്ച്ച |
| 3-4 | മൂലേക്കുന്ന് കുടിവെള്ള പദ്ധതി -വിവിധതലങ്ങളിലുള്ള ഫണ്ട് വിനിയോഗം ഏകോപനമില്ല |
| 3-5 | ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തിയിൽ കൺവീനർക്ക് അധികത്തുക നല്കി |
| 3-6 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് നവീകരണം – ഒരേയിനം പ്രവൃത്തിക്ക് ഒരേ വർഷം വ്യത്യസ്ത നിരക്ക് നൽകി |
| 3-7-1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മുറ്റം എന്നിവ നവീകരണം -അപാകതകൾ |
| 3-7-2 | ളാക്കാട്ടൂർ എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം-അധികനിരക്ക് നല്കി |
| 3-8-1 | ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പൊതുകം-മുളഞ്ഞംകുഴി-മാനോലി റോഡ് ടാറിംഗ് പ്രവൃത്തി-അധികനിരക്ക് നല്കി |
| 3-8-2 | അതിരമുണ്ട-ചെറിയ പ്ലാക്കൽ റോഡ്-ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകിയത് അധിക നിരക്ക് |
| 3-9 | പാലിയേറ്റീവ് പ്രൊജക്ട് - വീൽചെയർ വാങ്ങിയതിന് അധിക നിരക്ക് നല്കി |
| 3-10 | പാലിയേറ്റീവ് കെയർ - 10,005/- രൂപയുടെ മെഡിക്കൽ സ്റ്റേഷനറി നാളിതുവരെ ലഭ്യമായില്ല |
| 3-11 | ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.) - പദ്ധതി അവലോകനം |
| 3-12 | ഐ.എ.വൈ.- 7 ഗുണഭോക്താക്കളുടെ വീടുനിർമ്മാണത്തിൽ പുരോഗതിയില്ല |
| 3-13 | പദ്ധതി മോണിറ്ററിംഗ് ചെലവ് -ധനവിനിയോഗം തൃപ്തികരമല്ല |
| 3-14 | വികസന സെമിനാറിൽ പങ്കെടുത്തവർക്ക് ഉപഹാരം-പദ്ധതിപ്പണത്തിന്റെ ദുരുപയോഗം |
| 3-15 | തൊഴിൽപരിശീലന/സംരംഭ പദ്ധതികളുടെ പേരിൽ ഫലപ്രദമാകാത്ത നിരവധി കെട്ടിടങ്ങൾ |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-2016 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ് 26.03.2015 തിയതിയിലെ ഒന്നാം നം. തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5,96,525 |
| വരവ് | 18,77,50,595 |
| ആകെ | 18,83,47,120 |
| ചെലവ് | 18,74,55,100 |
| നീക്കിയിരിപ്പ് | 8,92,020 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.07.2016 | ---- | ---- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേമന്റ് പത്രിക പ്രകാരമുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,72,62,657 |
| വരവ് | 7,32,31,922 |
| ആകെ | 11,04,94,579 |
| ചെലവ് | 7,33,61,997 |
| നീക്കിയിരിപ്പ് | 3,71,32,582 |

## 1-5 ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വിവിധ ഫണ്ടുകളുടെ വിനിയോഗം താഴെ കൊടുക്കുന്നു (വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ പ്രകാരം).

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 6982432 | 19503622 | (+) 256872 | 26742926 | 26742926 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 1006768 | 2552708 | (-) 255982 | 3303494 | 3303494 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 890 | 508000 | (-) 890 | 508000 | 508000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2173463 | 3482133 | 0 | 5655596 | 5655596 | 0 |

## 1-6 വാർഷിക പദ്ധതി അവലോകനം

പദ്ധതി രൂപീകരണ പ്രക്രിയ ഫലപ്രദമായിരുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തേക്കുള്ള പദ്ധതി രൂപീകരണ പ്രക്രിയയിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടിയിരുന്ന പ്രവർത്തന കമ്മറ്റികൾ തികച്ചും നിർജീവമായിരുന്നു. വിവിധ പ്രവർത്തന കമ്മറ്റികളുടെ മിനിറ്റ്സ്ബുക്ക് പരിശോധിച്ചതിൽ 2015-16 വർഷം യോഗം ചേർന്നിട്ടുള്ളത് ഒരു തവണ മാത്രമാണ് എന്ന് വ്യക്തമായിട്ടുണ്ട്. പല വിഷയാടിസ്ഥാനത്തിലുള്ള പ്രവർത്തന കമ്മറ്റികളിലും കൺവീനറുടെ ചുമതലയുള്ള അതാത് നിർവ്വഹണഉദ്യോഗസ്ഥർ പങ്കെടുത്തിട്ടു പോലുമില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് കൃഷി അനുബന്ധമേഖല എന്ന വിഷയത്തിലുള്ള പ്രവർത്തന കമ്മറ്റിയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പങ്കെടുത്തിട്ടില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം എന്ന നിലയിൽ 15-1-2015 ൽ 2015-16 വാർഷിക പദ്ധതിയുടെ കരട് രൂപീകരണത്തിനു വേണ്ടി വികസന സെമിനാർ കൂടിയിട്ടുണ്ടെങ്കിലും 92 വ്യക്തികളുടെ കൈയ്യൊപ്പല്ലാതെ മറ്റ് തീരുമാനങ്ങളോ കരട് പ്രോജക്ട് നിർദ്ദേശങ്ങളോ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണം

മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 94 പ്രോജക്ടുകൾ ആവിഷ്കരിച്ച് 75 പ്രോജക്ടുകൾ നിർവ്വഹിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 3 ൽ വിവിധ ഖണ്ഡികകളായി ഉൽപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യവും വിഷയാടിസ്ഥാനത്തിലുള്ളതുമായ നിയമപരമായ ചുമതലകൾ പരിഗണിക്കാതെ നിരവധി പ്രോജക്ടുകൾ ഏറ്റെടുത്തതായി ഓഡിറ്റിന് വ്യക്തമായിട്ടുണ്ട്. ഉദാഹരണത്തിന് നിരവധി ഇടവഴികളുടെ കോൺക്രീറ്റിംഗ്, ശരാശരി 100 മുതൽ 200 മീറ്റർ വരെയുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ മുതലായ ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ഇതേ സമയം ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയിട്ടുള്ള ചുമതലാനിർവ്വഹണത്തിന് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന ഓഫീസർ എന്നിവർ യാതൊരു പ്രോജക്ടും നിർവ്വഹിച്ചിട്ടില്ല എന്നും കാണുന്നു. വർഷങ്ങളായി നിരവധി കുടിവെള്ളപദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇവയിൽ അന്തിമമായി പൂർത്തീകരിച്ചവയുടെയും, ഇനിയും പൂർത്തീകരിക്കാനുള്ളവയുടെയും വിവരം രേഖകളിൽ നിന്ന് ലഭ്യമാകുന്നില്ല. വിവിധങ്ങളായ നിർമ്മാണ പ്രവൃത്തികൾ ബഹുവർഷ പ്രോജക്ട് പ്രകാരവും മറ്റ് തലങ്ങളിൽ നിന്നുള്ള പങ്കാളിത്തത്തോടെയും നിർവ്വഹിക്കുമ്പോൾ ശരിയായ ഏകോപനം ഉണ്ടാകാത്തതിനാൽ സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ യഥാർത്ഥ മൂലധനച്ചെലവ് നിർണ്ണയിക്കാൻ കഴിയുന്നില്ല. പ്രസ്തുത അപാകത പരിഹരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

ബ്ലോക്ക് പഞ്ചായത്തിൽ കാഷ് വരവ് എല്ലാ ദിവസങ്ങളിലും ഇല്ലാത്തതിനാൽ ഓഡിറ്റ് സമയത്ത് കാഷ് പരിശോധന നടത്തിയില്ല. വിവിധ മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ നടത്തിയ നിക്ഷേപങ്ങളുടെ യഥാർത്ഥ സർട്ടിഫിക്കറ്റുകൾ ഭൗതികമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ആകെ ഡെപ്പോസിറ്റ് തുകയുടെ മൂല്യം, ഡെപ്പോസിറ്റുകളുടെ എണ്ണം എന്നിവ തിട്ടപ്പെടുത്താവുന്ന വിധമല്ല രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുള്ളത്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളായി വാങ്ങിയതും തിരികെ നൽകിയതും മുതൽക്കൂട്ടിയതുമായ ഡെപ്പോസിറ്റ് തുകയുടെ വിവരം കൃത്യമായി നിർണ്ണയിക്കാവുന്ന വിധത്തിലാവണം രജിസ്റ്റർ സൂക്ഷിക്കേണ്ടത്.

പരിശോധിച്ച സർട്ടിഫിക്കറ്റുകളിൽ കാലഹരണപ്പെട്ട നിക്ഷേപ സർട്ടിഫിക്കറ്റുകളും കാണുന്നു. ഉദാഹരണം താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| FD No.16256/09.11.2011 | Chengalam SCB | 1250/- |
| FD No.783866/01.03.2010 | CSB Kumaranellor | 12500/- |
| FD No.783955/20.02.2010 | CSB Kumaranellor | 12000/- |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | 2014-15 | 226/DPAW/KTM/2016 തീയതി 04.06.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 - 13.01.2014 | 2008-09 മുതൽ 2012-13 വരെ | എൽ.ബി.എ.(എച്ച്.ക്യു.)II/8A-2050/42 തീയതി 17.02.2014 |

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ആസ്തികളുടെ മൂല്യനിർണ്ണയവും ആസ്തി രജിസ്റ്ററുകളുടെ കാലികമായ പുതുക്കലും പൂർത്തിയായിട്ടില്ല. ഫയലുകളിൽ പ്രത്യേകിച്ചും മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഓഫീസ് കുറിപ്പുകൾ രേഖപ്പെടുത്തുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന നഷ്ടം 203,402/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 62,441,811/- രൂപയും ചെലവ് 62,645,213/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 110,494,579/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 73,361,997/- രൂപയുമാണ്. 31.03.2016 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 37,132,582/- രൂപയാണ്. 31.03.2016 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 65,368,179/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 58,464,903/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 6,903,276/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.

3) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) ധനകാര്യ പത്രികയിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

4) ദീപ്തി എം. നായർ എന്ന വാടക കുത്തകക്കാരിയിൽ നിന്നും 08.06.2015-ൽ വാടക സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച 10,000/- രൂപ 340100203(Bidders' Security Deposit) എന്ന ശീർഷകത്തിലാണ് അക്കൗണ്ടു ചെയ്തത്. പ്രസ്തുത

തുക 340200101(Rent Deposit) എന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ(MNREGS) വരവു ചെലവുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തില്ല. തൻവർഷം 3,270,721/- രൂപയുടെ വരവും അതേ തുകയുടെ ചെലവും നടന്നിട്ടുണ്ട്(ലഭ്യമാക്കിയ പ്രത്യേക കണക്ക് പ്രകാരം). എസ്.ബി.ടി. പള്ളിക്കത്തോട് ശാഖയിലുള്ള 67131752364 നം. ബാങ്ക് അക്കൗണ്ടിലൂടെയാണ് പ്രസ്തുത പദ്ധതി ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

6) 2013-14 വർഷം ഇന്ദിര ആവാസ് യോജന പദ്ധതിക്കായി വായ്പ എടുത്ത 52.5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയായി അക്കൗണ്ട് ചെയ്യാത്തതിനാൽ ടി തുകയുടെ ബാധ്യത ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

7) ബി-4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ 31.03.2016-ൽ ബാധ്യതയായി നിൽക്കുന്ന 66,300/- രൂപയുടെ വിശദാംശം ലഭ്യമല്ല. മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത പ്രൊജക്ടിന്റെ പൂർത്തീകരണത്തിന് ശേഷം പ്രൊജക്ടിന്റെ ചെലവ് കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിനാലാണ് പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നത്.

8) ബി-7 ഷെഡ്യൂളിലെ 340109901(Other Deposits) കണക്ക് ശീർഷകത്തിലെ 31.03.2016-ലെ നീക്കിയിരിപ്പ് തുക (30000/- രൂപ) രജിസ്റ്ററിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

9) ഇന്ദിര ആവാസ് യോജന(ഐ.എ.വൈ.) പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 350800299(Other Liabilities) എന്ന കണക്ക് ശീർഷകത്തിൽ ബി-9 ഷെഡ്യൂളിലാണ് ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഐ.എ.വൈ. ബ്ലോക്ക് വിഹിതം കോൺട്രിബ്യൂഷൻ ആയതിനാൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടേണ്ടതായിരുന്നു.

10) Capital Work in Progress കണക്ക് ശീർഷകത്തിലെ 31.03.2016-ലെ നീക്കിയിരിപ്പ് 2,218,149/- രൂപയാണ്. പ്രസ്തുത ആസ്തിയുടെ വിനിമയവിവരങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

11) വാടക ഡിമാന്റ് ധനകാര്യ പത്രിക പ്രകാരം 64240/- രൂപയാണ്. എന്നാൽ 2015-16 ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ലഭിക്കേണ്ട വാടക 76240/- രൂപയാണ്. കൃത്യമായ ഡിമാന്റ് അക്രുവൽ നടത്താത്തതിനാൽ കുടിശിക തുക 12000/- രൂപ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല (പ്രസ്തുത തുക കുത്തക്കാരനിൽ നിന്നും 2016-17 വർഷം ഈടാക്കിയിട്ടുണ്ട്).

12) ബി-18 ഷെഡ്യൂളിലെ Advance to Others(460509901) കണക്ക് ശീർഷകത്തിൽ മുൻകൂർ നൽകിയ തുകയിൽ 31.03.2016-ൽ അവശേഷിക്കുന്ന 1,03,800/- രൂപയാണ്. മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യതയും തുക ക്രമീകരിക്കലിന്റെ വിശദാംശവും വ്യക്തമല്ല.

## 2-2 കമ്പ്യൂട്ടർ രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

കമ്പ്യൂട്ടർ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ രസീതുകളുടെ ഉപയോഗം കാണിക്കുന്ന ഫ്രണ്ട് ഓഫീസ് രജിസ്റ്റർ മാതൃകയിലാണ് നിലവിൽ എഴുതി സൂക്ഷിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ രസീതുകളുടെ ഉപയോഗം ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് പരിമിതമാണെങ്കിലും മേൽനടപടി ക്രമപ്രകാരമല്ല. മെയിൻ സ്റ്റോക്കിൽ നിന്നും രേഖാമൂലം കാഷ് കൗണ്ടറിലേക്ക് രസീതുകൾ ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയാൽ മാത്രമേ രസീതുകളുടെ വിനിമയത്തിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ പ്രതിഫലിക്കുകയുള്ളൂ. രസീതുകൾ സ്റ്റോക്കിലെടുക്കുമ്പോൾ അവ ലഭ്യമാക്കിയ അതോറിറ്റിയിൽ നിന്നുള്ള ഇൻഡന്റ് വിശദാംശം രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള മാന്വൽ/കമ്പ്യൂട്ടർ രസീതുകളുടെ വിനിമയവും സെക്രട്ടറി നിരീക്ഷിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

01.01.2015 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം സ്വീകരിക്കുന്നതിനായി പിങ്ക് നിറത്തിലുള്ള ക്യാഷ് രസീത് സ്റ്റേഷനറി ഉപയോഗിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലും നീല നിറത്തിലുള്ള രസീത് സ്റ്റേഷനറിയാണ് ഉപയോഗിക്കുന്നത്. ഓഡിറ്റ് സമയത്ത് രസീത് പരിശോധന പൂർത്തിയാക്കിയ 31.12.2016 തീയതിയിൽ 90 എണ്ണം രസീതുകൾ സ്റ്റോക്കിൽ നീക്കിയിരിപ്പുണ്ട് (സ്റ്റേഷനറി നം.0346911 മുതൽ 0347000 വരെ). സർക്കാർ നിർദ്ദേശപ്രകാരമുള്ള പിങ്ക് നിറത്തിലുള്ള കാഷ് രസീത് സ്റ്റേഷനറി ലഭ്യമാക്കാനും തുടർന്ന് കാഷ് കൗണ്ടറിൽ ഉപയോഗിക്കാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3 ധനകാര്യ പത്രികയിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ട് നിലനിൽക്കുന്നു

ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് പള്ളിക്കത്തോട് ശാഖയിൽ 24.08.1990-ൽ ബി.ഡി.ഒ & പ്രസിഡന്റ്, മഹിളാ സമാജം, പാമ്പാടി ബ്ലോക്ക് എന്ന പേരിൽ ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്(അക്കൗണ്ട് നം.0123000004773). എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ബാങ്ക് സ്ക്രോൾ പ്രകാരം 31.03.2016-ൽ 1291.60 രൂപ ടി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തിക വിനിമയം പ്രതിഫലിക്കപ്പെടുന്നില്ല. ടി ബാങ്ക് അക്കൗണ്ടിൽ പലിശമാത്രമാണ് ക്രഡിറ്റ് ചെയ്തുവരുന്നത്.

മേൽവിവരിച്ച അപാകതയുള്ള വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/28.01.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 07.11.2016-ലെ 17569/IA2/2016/CRD നം. നിർദ്ദേശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അതോറിറ്റിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വിവിധ ബാങ്കുകളിൽ നിന്നും ശേഖരിച്ചപ്പോൾ പ്രസ്തുത അക്കൗണ്ട് നിലനിൽക്കുന്നതായി കണ്ടെത്തിയതാണ് എന്നറിയിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ ആവശ്യമെങ്കിൽ പ്രസ്തുത അക്കൗണ്ട് സാംഖ്യയിൽ ചേർത്ത് തുടർന്നുള്ള അക്കൗണ്ടിലെ വിനിമയം ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം വിശദാംശങ്ങൾ ഉൾപ്പടെ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട വാടക - നടപടിക്രമങ്ങളിൽ അപാകത

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആകെ 7 മുറികളാണ് 2015-16 വർഷം വാടകയ്ക്ക് നൽകിയിരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലാണ് ടി കെട്ടിടങ്ങൾ ഉള്ളത്. വാടക സംബന്ധിച്ച പ്രധാന അപാകതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. വാടക സംബന്ധിച്ച നടപടിക്രമങ്ങളും കുത്തകക്കാർ പാലിക്കേണ്ട വ്യവസ്ഥകളും പ്രതിപാദിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ബൈ-ലോ നിലവിലില്ല. അതിനാൽ വാടക സംബന്ധിച്ച നടപടിക്രമങ്ങൾക്ക് നിയപരമായ സാധുത ലഭിക്കുന്നില്ല.
2. എല്ലാ കുത്തകക്കാരിൽ നിന്നും വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടില്ല. സെക്യൂരിറ്റി നിക്ഷേപമില്ലാതെ കുത്തകക്കാർ തുടരുന്നതിനാൽ നിയമപ്രകാരമല്ലാതെ കുത്തക അവസാനിപ്പിക്കുകയോ, വാടക കെട്ടിടത്തിലെ ആസ്തികൾക്ക് കേടുവരുത്തുകയോ ചെയ്താൽ അവരുടെ ബാധ്യത തട്ടിക്കിഴിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു.
3. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ധനലക്ഷ്മി സ്വാശ്രയ സംഘം(ക്രമനം.2), മേരിമാതാ കുടുംബശ്രീ,കിടങ്ങൂർ(ക്രമ നം.3) എന്നീ കുത്തകക്കാരുടെ വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയില്ല(മാസവാടക-300/-രൂപ വീതം).

വാടക സംബന്ധിച്ച് നിലനിൽക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/30.01.2017) നൽകിയതിന് മറുപടിയിൽ വാടക വ്യവസ്ഥകൾ കാരാറിൽ മാത്രമാണ് ഉൾപ്പെടുത്തിയത് എന്നും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് വരുമാനദായക പ്രവൃത്തികൾക്കായി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ വാല്യുവേഷനില്ലാതെ പഞ്ചായത്ത് സമിതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചിട്ടുള്ളത് എന്നും അറിയിച്ചു. കെട്ടിട വാടകയിനത്തിൽ നിലനിൽക്കുന്ന മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് ശുപാർശ–കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് നിയന്ത്രിക്കുന്ന ചുമതല അത് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കാവുന്നതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എ.വൈ. ലോൺ തുക വകമാറ്റിയത്/ബാധ്യത സംബന്ധിച്ച അവ്യക്തത

ഐ.എ.വൈ. പ്രോജക്ടിന്റെ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യം നൽകുന്നതിനായി കൂടുതലായി കണ്ടെത്തേണ്ട തുക സഹകരണ-പൊതുമേഖലാ ബാങ്കുകളിൽ നിന്നും ലോൺ മുഖേന

സമാഹരിക്കുന്നതിന് ജി.ഒ(എം.എസ്.) നം.90/13/എൽഎസ്ജിഡി തീയതി 14.03.2013, ജി.ഒ(എം.എസ്.) നം.193/13/എൽഎസ്ജിഡി തീയതി 24.05.2013 എന്നിവ പ്രകാരം സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന പ്രകാരം ലോൺ എടുത്തിട്ടുണ്ട്.

| വായ്പ നൽകിയ ബാങ്കിന്റെ പേര് | വായ്പ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് | 30.04.2013 | 1,00,000/- | 30.04.2013-ൽ ബാങ്കുകളുമായി ഏർപ്പെട്ട ധാരണാപത്ര പ്രകാരം തിരിച്ചടവ് വ്യവസ്ഥ നം.90/13/എൽഎസ്ജിഡി തീയതി 14.03.2013-യും തുടർന്നുള്ള ഭേദഗതികൾ പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് 24.5.13ലെ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തതിൽ പലിശ ബാധ്യത മാത്രമാണ് സർക്കാർ ഏറ്റെടുക്കുമെന്ന് പരാമർശിച്ചിട്ടുള്ളത്. |
| | 30.12.2013 | 29,00,000/- | |
| കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് | 30.04.2013 | 1,00,000/- | |
| | 30.01.2014 | 21,50,000/- | |
| ആകെ വായ്പ തുക | | 52,50,000/- | |

ഗുണഭോക്താക്കൾക്ക് വിഹിതം നൽകുന്നതിനായി ലഭിച്ച തുക തനത് ഫണ്ട് എന്ന നിലയിൽ ചെലവഴിക്കാമെന്ന തെറ്റായ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വകമാറ്റി ചെലവഴിച്ചു.

| ഇനം | ചെലവഴിച്ച തുക(രൂപ) |
|---|---|
| ബ്ലോക്ക് പഞ്ചായത്തിലേക്ക് പുതിയ വാഹനം വാങ്ങൽ | 9,98,900/- |
| സി.ഡി.പി.ഒ. ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | 80,246/- |
| മലമ്പതി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 1,99,273/- |
| രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമ്മാണം | 5,00,000/- |
| പാറാമറ്റം-താന്നിക്കുന്ന് റോഡ് | 11,40,000/- |
| ആകെ | 29,18,419/- |

സർക്കാർ ഗ്യാരന്റിയിൽ വിവിധ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ടി ലോൺ എടുത്ത തുക ഇപ്രകാരം വകമാറ്റി ചെലവഴിച്ചതും മുതൽ ഇനത്തിലെയും പലിശ ഇനത്തിലെയും ബാധ്യത മുഴുവൻ സർക്കാർ വഹിക്കുമെന്ന നിഗമനത്തിൽ വർഷങ്ങളോളം തിരിച്ചടവ് നടത്താതിരുന്നതും നിർദ്ദേശം തേടാതിരുന്നതും തികച്ചും ക്രമവിരുദ്ധ നടപടിയാണ്. ഇക്കാര്യത്തിൽ യഥാസമയം സർക്കാർ നിർദ്ദേശം തേടേണ്ടത് ബ്ലോക്ക് പഞ്ചായത്തധികൃതരുടെ ഉത്തരവാദിത്തമായിരുന്നു. ബാങ്കുമായുള്ള ധാരണാപത്രത്തിൽ “Borrower” എന്ന രീതിയിലാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കയ്യൊപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. 19.05.2016 തീയതിയിൽ പലിശയിനത്തിൽ 14,30,844/- രൂപയുൾപ്പടെ 66,80,844/- രൂപ ബാധ്യത അവശേഷിക്കുന്നു എന്നും 31.03.2017 ഓടുകൂടി ആയത് 71,52,575/- രൂപയായി ഉയരുമെന്നും കണക്കാക്കിയിരിക്കുന്നു (ഫയലിലെ കുറിപ്പുകൾ പ്രകാരം). ഓരോ വർഷവും വാർഷിക പദ്ധതി തുകയിൽ സേവിങ്ങ്സ് ആയി വരുന്ന തുക സർക്കാർ അനുമതിയോടെ ലോൺ ബാധ്യത തീർക്കാൻ ഉപയോഗിക്കാമായിരുന്നു എന്നിരിക്കെ ആയത് പ്രയോജനപ്പെടുത്താതെ ബാധ്യത ഇത്രയേറെ വർദ്ധിപ്പിച്ചത് അധികൃതരുടെ വീഴ്ചയാണ്. നിലവിൽ ഇതു സംബന്ധമായി ബാങ്കുകൾ നിയമനടപടിയും ആർബിട്രേഷൻ നടപടികളും സ്വീകരിച്ചതായി കാണുന്നു. ബാധ്യത തീർക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെങ്കിലും വ്യക്തതയുള്ള മറുപടിയൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

മേൽ അപാകത ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെയും പദ്ധതി നടത്തിപ്പിനെയും ഗൗരവമായി ബാധിക്കാവുന്ന പ്രതികൂല ഘടകമാണ്. ഇത് സംബന്ധമായുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേൽ ബന്ധപ്പെട്ട കാലയളവിലെ സെക്രട്ടറി ശ്രീ.എം.അരവിന്ദാക്ഷൻ നായർ ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധമായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിലുള്ള അവ്യക്തത മൂലം ടിയാനെ വ്യക്തിപരമായ ബാധ്യതയിൽ

നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. വിഷയത്തിന്റെ ഗൗരവം 4.2.2017 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനോടകം തന്നെ പലിശയിനത്തിലും മറ്റും വൻ ബാധ്യത ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് സർക്കാരിനോ, ബ്ലോക്ക്പഞ്ചായത്തിനോ ഉണ്ടായേക്കാവുന്ന തുടർബാധ്യത ഒഴിവാക്കേണ്ടതാണ്.

## 3-2 ഹാംലെറ്റ് പദ്ധതി-പദ്ധതി നിർവ്വഹണത്തിൽ പുരോഗതിയില്ല

പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യവികസനം,പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സർവ്വതോന്മുഖമായ സാമ്പത്തികവികസനം എന്നിവ ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച ഹാംലെറ്റ് പദ്ധതികൾ പ്രകാരം അതാത് ഊരുകൂട്ടങ്ങൾ നിശ്ചയിക്കുന്ന മുൻഗണനാപ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. പ്രസ്തുത പദ്ധതി നടത്തിപ്പിന് വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ (ജി.ഒ(എം.എസ്)നം.107/2013/SCSTDD തീ:27.12.13) പ്രകാരം എംപാനൽ ചെയ്തിട്ടുള്ള നിർമ്മിതി കേന്ദ്ര, KAICO,KITCO,KSHB,SIDCO തുടങ്ങിയ ഏജൻസികളിലൂടേയും കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം മുതലായ ലൈൻ ഡിപ്പാർട്ട്മെന്റുകളിലൂടേയും പദ്ധതിനിർവ്വഹണം നടത്താവുന്നതാണെങ്കിലും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് നിർവ്വഹണം നടത്തി വരുന്നത്. സാധാരണ പദ്ധതി നിർവ്വഹണത്തിന് പുറമെ അധികചുമതല കൂടി ഏറ്റെടുത്ത നടപടി അഭിനന്ദനാർഹമാണെങ്കിലും പദ്ധതി നിർവ്വഹണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലയെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മണർകാട് പഞ്ചായത്തിലെ വല്ല്യൂഴം പട്ടിക വർഗ്ഗ കോളനിയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ, സാമ്പത്തിക വികസന പരിപാടികൾ എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ച ഡി.പി.ആർ (Detailed Project Report) അംഗീകരിച്ചതിനെ തുടർന്ന് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറുമായി ധാരണാപത്രത്തിൽ ഏർപ്പെടുകയും പദ്ധതി അടങ്കൽ തുകയായ 6187136/-രൂപ മുൻകൂറായി ലഭിക്കുകയും ചെയ്തു(ഡി.ഡി നം.380032/19.3.15).ഹാംലറ്റ് പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് ചെലവിന്റെ 25% മാത്രമാണ് ധാരണാപത്രത്തിൽ ഏർപ്പെടുന്ന സമയത്ത് റിലീസ് ചെയ്യേണ്ടതെങ്കിലും ഇവിടെ മുഴുവൻ തുകയും ഒറ്റ ഗഡുവായി അനുവദിക്കപ്പെട്ട സാഹചര്യം വ്യക്തമല്ല . ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട പലിശ ഇനത്തിലുള്ള 318759/-രൂപ ഉൾപ്പടെ ആകെ ലഭ്യമായ 6505859/-രൂപയിൽ നാളിതുവരെ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വിനിയോഗിച്ച തുക |
|---|---|
| 13 ഗുണഭോക്താക്കൾക്ക് ഓട്ടോ റിക്ഷാവിതരണം @ 130000/- | 1690000/- |
| വീട് മെയിന്റനൻസ് 4@50000/- | 200000/- |
| തയ്യൽ മെഷീൻ വിതരണം (10@6250/-) | 62500/- |
| ലാട്ടിൻ (2@10000/-) | 20000 |
| വീട് വയറിങ്ങ്(3@6000/-) | 18000 |
| ഡ്രൈവിങ്ങ് ലൈസൻസ്(12@5800/-) | 69600 |
| തയ്യൽ പരിശീലനം | 8000 |
| ഭൂവികസനം-സംരക്ഷണ ഭിത്തി | 873113 |
| പത്രം,മാഗസിൻ വിതരണം | 6120 |
| ബാങ്ക് ചാർജ് | 90 |
| ആകെ | 2947423 |

പദ്ധതി നിർവ്വഹണത്തിനായി ആദ്യ ഗഡുവായി ലഭിച്ച തുകയുടെ 47% മാത്രമാണ് നാളിതുവരെ ചെലവഴിക്കാൻ സാധിച്ചത്. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച്ച ഉണ്ടായതായി പ്രോജക്ട് ഓഫീസറും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരണ കാലാവധി 30.9.16 എന്നത് 31.3.17 വരെ ദീർഘിച്ച് കിട്ടുന്നതിനും ആദ്യ ഗഡു ചെലവഴിക്കുന്നതിനുള്ള 6306765/- രൂപയുടെ പുതുക്കിയ ഡി.പി.ആർ അംഗീകരിക്കുന്നതിനുമുള്ള അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുവാദം ലഭിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം ഇനി

അവശേഷിക്കുന്ന കാലയളവിനുള്ളിൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിനുള്ള സാധ്യത വളരെ വിരളമാണ്. ഓഡിറ്റ് നടത്തിയ വിശകലനത്തിൽ പ്രസ്തുത പദ്ധതിയിലൂടെ ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള വല്യൂഴം എന്ന ഒരു കോളനി മാത്രം ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങളും വ്യക്തിഗതഗുണഭോക്തൃപദ്ധതികളും തുടരുന്നതായും ഏറ്റെടുക്കാവുന്ന പല പ്രോജക്ടുകളും ഗുണഭോക്താക്കളുടെ ആവശ്യമില്ലായ്മ മൂലം നിർവ്വഹിക്കാൻ സാധിക്കാത്തതായും കാണുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത കോളനിക്ക് പുറത്തുള്ളവരും ആനുകൂല്യങ്ങൾക്ക് അർഹരുമായ പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് തുല്യ അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം നിലനില്കുന്നതായി കാണുന്നു. മേൽ പരാമർശങ്ങൾ പരിഹാര നടപടികൾക്കായും വിശദീകരണത്തിനായും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 ചെങ്ങളം-പള്ളിക്കത്തോട് ഡിവിഷനുകളിൽ മന്ദിരം-ബൈപാസ് റോഡ്, കാഞ്ഞിരമറ്റം-വേങ്ങന്താനം റോഡ് അറ്റകുറ്റപ്പണി-പ്രവൃത്തിയുടെ നടത്തിപ്പിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും ഗുരുതരമായ വീഴ്ച

ബ്ളോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഡിവിഷനുകളിൽ വ്യത്യസ്തങ്ങളായ എസ്റ്റിമേറ്റ്/പ്രോജക്ടുകൾ പ്രകാരം ഏറ്റെടുക്കേണ്ടിയിരുന്ന പ്രവൃത്തി ഒറ്റ പ്രോജക്ടായി ഏറ്റെടുത്തു. 2013-14 വർഷം ആവിഷ്കരിച്ച ബഹുവർഷ പ്രോജക്ട് പ്രകാരം വ്യത്യസ്തങ്ങളായ ഭാഗങ്ങളിൽ മെറ്റലിങ്ങ് വരെയുള്ള റോഡ് പ്രവൃത്തി, കലുങ്കുകൾ (2 എണ്ണം) നിർമ്മിക്കുക തുടങ്ങിയവയ്ക്കായി 15 ലക്ഷം രൂപ അടങ്കലിലാണ് ആദ്യ പ്രോജക്ട് തയ്യാറാക്കിയത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയതായോ വ്യത്യസ്തങ്ങളായ പ്രവൃത്തികൾ ഒറ്റ പ്രോജക്ടായി ഏറ്റെടുത്തതിന്റെ കാരണം വ്യക്തമാക്കുകയോ ചെയ്തതായി കാണുന്നില്ല.ഫയലിൽ സൂക്ഷിച്ചിട്ടുള്ള റോഡ് മാപ്പിൽ റോഡിന്റെ ചെയ്നേജ് കലുങ്ക് നിർമ്മിക്കുന്ന കൃത്യമായ ലൊക്കേഷൻ എന്നിവ കാണിച്ചിട്ടില്ല. 192 മീറ്റർ ടാറിങ്ങ്, 65 മീറ്റർ റീടാറിങ്ങ് എന്നിങ്ങനെ കാണിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിന്റെ അപ്പൻഡിക്സ് എ പ്രകാരം ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള മെറ്റലിങ്ങ് വരെയുള്ള പ്രവൃത്തികൾക്ക് മാത്രമാണ് തുക വകയിരുത്തിയതും നിർവ്വഹിച്ചതും. 2012 എസ്.ഒ.ആർ പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന നിരക്കുകളാണ് ക്വോട്ട് ചെയ്യപ്പെട്ടത് .

| കോൺട്രാക്ടറുടെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|
| ജോസ് സിറിയക് | 2% കുറവ് |
| ഷാജി പി. കുര്യാക്കോസ് | 5.2% ,, |
| സിന്തോൾ തോമസ് | 2.6% ,, |
| ജോഷി സഖറിയാസ് | 9% ,, |
| രാജേഷ് എബ്രഹാം | 3.1 ,, |

ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് അക്ഷരത്തിലും അക്കത്തിലും ഇടതുവശത്ത് നിന്ന് എഴുതി തുടങ്ങുന്നതിന് പകരം ഇടത് വശത്ത് സ്ഥലം അവശേഷിപ്പിച്ച് വലത് ഭാഗം ചേർത്താണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല പ്രസ്തുത ടെണ്ടർ ഫോറത്തിൽ മാത്രം ക്വോട്ട് ചെയ്ത നിരക്ക്, തിരുത്തലുകൾ എന്നിവ അക്ഷരത്തിലും അക്കത്തിലും നിശ്ചിത ഭാഗത്ത് രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല (മറ്റ് ടെണ്ടർ ഫോറങ്ങളിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്).ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ജോഷി സഖറിയാസ് ആണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെങ്കിലും ടിയാന് സെലക്ഷൻ നോട്ടീസ് നൽകിയതായോ സൈറ്റ് രേഖാമൂലം ഹാൻഡ് ഓവർ ചെയ്തതായോ കാണുന്നില്ല. ടിയാന് തുക നൽകിയത് 4 തവണയായാണ്. ഓരോ തവണയും ടിയാന് നൽകാവുന്ന തുക കണക്കാക്കി ഓഫീസ് കുറിപ്പുകളിലൂടെ രേഖപ്പെടുത്തുകയോ ആയത് വിവിധ തലങ്ങളിൽ പരിശോധിച്ച് കൃത്യത ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. ടിയാൻ ക്വോട്ട് ചെയ്ത നിരക്ക് 9% താഴെ എന്നതായിട്ടും 5.9% മാത്രമാണ് ഓരോ തവണയും കുറവ് ചെയ്തത്. ടെണ്ടറിൽ പങ്കെടുത്തവരിൽ ആരും തന്നെ ഇപ്രകാരമൊരു നിരക്ക് ക്വോട്ട് ചെയ്യാത്ത സാഹചര്യത്തിൽ ഇപ്രകാരമുള്ള ഒരു ക്ലറിക്കൽ പിഴവ് ഉണ്ടാകാനുള്ള സാധ്യത ഇല്ല. മാത്രമല്ല ഒരേ പിഴവ് 4 തവണ ആവർത്തിക്കുകയും ഒരിക്കൽ പോലും ആരുടേയും ശ്രദ്ധയിൽപ്പെട്ടില്ലയെന്നതും ബോധപൂർവ്വമായ ക്രമക്കേടിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ടിയാന്റെ ടെണ്ടർ ഫോറത്തിൽ മാത്രം നിരക്ക്/തിരുത്തലുകൾ എന്നിവ സാക്ഷ്യപ്പെടുത്താത്തതും ബോധപൂർവ്വം ക്രമക്കേട് നടത്തിയിരിക്കാനുള്ള സാധ്യത വ്യക്തമാക്കുന്നു. ടെണ്ടർ കുറവ് ഈടാക്കിയതിലുള്ള വ്യതിയാനം വകുപ്പ്തല

പരിശോധനാവേളയിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽപ്പോലും ക്രമവിരുദ്ധ നടപടികളെ ഇത് ന്യായീകരിക്കുന്നില്ല(ഈടാക്കിയ തുക-55689/-ചല്ലാൻ നം.28/26.7.16).

ഫയലിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് എന്ന പേരിൽ 18,00,000/-രൂപയുടെ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കാനുള്ള സാഹചര്യം വ്യക്തമാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായി ഫയലിൽ യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടുകയോ ഏഗ്രിമെന്റ് ഷെഡ്യൂൾ തദനുസരണമായി പുതുക്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് പുതുക്കിയതിന് ശേഷവും എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ള പി. എ .സി തുക(Probable Amount of Contract)14,96,546/-രൂപ മാത്രമാണ്. ആയതിനാൽ പ്രവൃത്തിയുടെ മൂല്യതുകയായി 17,96,417/-രൂപ കണക്കാക്കി കിഴിവുകൾക്ക് ശേഷം ബാക്കി മുഴവൻ തുകയും കരാറുകാരന് നൽകിയ നടപടി ക്രമാനുസരണമല്ല. (586276+312949+310051+385716)

മേൽവിവരിച്ച പ്രകാരം പ്രോജക്ട് ആവിഷ്കരിച്ചതിലും ടെണ്ടർ രേഖകളുടെ സൂക്ഷിപ്പിലും ഫയൽ സൂക്ഷിപ്പിലും തുക നൽകിയതിലും ഉണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ആയത് രേഖാമൂലം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഓഡിറ്റ് പൂർത്തീകരണത്തിന് ശേഷം ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിലുണ്ടായ അപാകതകളിൻമേൽ കൂടുതൽ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു

## 3-4 മൂലേക്കുന്ന് കുടിവെള്ള പദ്ധതി -വിവിധതലങ്ങളിലൂള്ള ഫണ്ട് വിനിയോഗം ഏകോപനമില്ല

2015-16 വർഷം മൂലേക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ, പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ, ഇലക്ട്രിഫിക്കേഷൻ എന്നിവക്ക് 4,95,000/- രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തുകയും 1,48,193/-രൂപ ചെലവഴിക്കുകയും ചെയ്തു. തൻവർഷത്തെ ചെലവിൽ 1,11,920/- രൂപക്ക് മോട്ടോർ വാങ്ങലും 30 മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കലുമാണ് നടത്തിയിട്ടുള്ളത്. കുടിവെള്ള പദ്ധതികളുടെ അവസാനഘട്ടത്തിൽ ചെയ്യേണ്ട മോട്ടോർ വാങ്ങൽ ആദ്യം ചെയ്തത് പദ്ധതിച്ചെലവ് കാണിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. സൈറ്റ് പരിശോധനയിൽ എകദേശം 1 വർഷം മുൻപ് വാങ്ങിയ മോട്ടോർ നിലവിൽ പായ്ക്കിംഗ് തുറക്കുക പോലും ചെയ്യാതെ അടുത്ത വീട്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. കമ്പനി നല്കുന്ന വാറന്റി കാലയളവ് പൂർണ്ണമായും മോട്ടോർ ഉപയോഗിക്കുക പോലും ചെയ്യാതെ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിരുന്നെങ്കിലും കണക്ഷനെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല.

പ്രവൃത്തിയുടെ ഭാഗമായ ഇതര പ്രവൃത്തികളായ കിണർനിർമ്മാണം, ആർ.സി.സി റിംഗ് നിർമ്മാണം(ഗ്രൗണ്ട് ലവലിന് മുകളിലേക്ക് ഉള്ളത് ഉൾപ്പടെ), ടാങ്ക് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ വ്യക്തമായി. പ്രസ്തുത പ്രവൃത്തികൾ ഏത് തലങ്ങളിൽ നിർവ്വഹിക്കപെട്ടതാണെന്നോ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നോ വ്യക്തമല്ല. ഇക്കാര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിലൂടെ ചൂണ്ടിക്കാണിച്ചിട്ടില്ല. വിവിധ തലങ്ങളിലൂടെ പ്രവൃത്തി ഏറ്റെടുക്കുന്നതിൽ ശരിയായ ഏകോപനമില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. പ്രവൃത്തിയുടെ ആകെയുള്ള മൂലധനച്ചെലവ് നിർണ്ണയിക്കുന്നതിനും തൻമൂലം സാധിക്കുന്നില്ല.പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഗ്രൗണ്ട് ലവലിൽ പമ്പ്ഹൗസ് നിർമ്മിക്കുന്നതിനായി മൺപണി ഉൾപ്പടെയുള്ള ഇനങ്ങൾ ഉൾപ്പടുത്തി തുക വകയിരുത്തിയിരുന്നു. അളവുപുസ്തകം പ്രകാരം പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആർ.സി.സി റിംഗിന് മുകൾ ഭാഗത്തായി ഒരു പമ്പ് ഹൗസ് നിർമ്മിച്ചിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ വ്യക്തമായി. പ്രസ്തുത പ്രവൃത്തി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങിയും യഥാവിധി സാങ്കേതിക അനുമതി ലഭിച്ചതിന് ശേഷവുമല്ല നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു. 60ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതി നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും ഗുരുതരമായ കാലതാമസവും അലംഭാവവും ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധമായി ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി ഉടൻതന്നെ പ്രവർത്തനക്ഷമമാക്കുന്നതാണ് എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## 3-5 ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തിയിൽ

## കൺവീനർക്ക് അധികത്തുക നല്കി

| | |
|---|---|
| പ്രോജക്ട് | പുലിയൂറമ്പ് കുടിവെള്ള പദ്ധതി |
| പ്രോജക്ട് നമ്പർ | 78/2016 |
| അളവുപുസ്തകം | 25/15-16 |
| അടങ്കൽ | 200000/- |
| ചെലവ്<br>കൺവീനർക്ക് നല്കിയത് | 200000/-<br>184679/-(ഡി.ഡി.നം.413207തീ:23.3.2016 |
| കൺവീനർ | നാരായണക്കുറുപ്പ് |
| കരാർ നമ്പർ | 43/AEE/LSGD/PDY/15-16 Dt.24.02.2016 |

ഈ പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്തിട്ടുള്ളത് 200 മീറ്റർ നീളത്തിൽ 63 മി.മീ പി.വി.സി പൈപ്പ്(6കെ.ജി) സ്ഥാപിക്കുകയാണ്. ഇതിന് മീറ്ററിന് 302.20 രൂപ പ്രകാരം 60440.00 രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. പി.വി.സി പൈപ്പ് സ്ഥാപിക്കുന്നതിന് ഡി.എസ്.ആറിൽ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ജില്ലാതലത്തിൽ തയ്യാറാക്കി എക്സിക്യൂട്ടീവ്എഞ്ചിനീയർ അംഗീകരിച്ച 63 മി.മീ പി.വി.സി പൈപ്പ്(6കെ.ജി) സ്ഥാപിക്കുന്നതിനുള്ള ഡാറ്റ ചുവടെ ചേർക്കുന്നു.

OD – OD bldgs – 147

| | | |
|---|---|---|
| 11.5 | 63മി.മീ പി.വി.സി പൈപ്പ്(6കെ.ജി) | 1380 |
| .25 | ഫിറ്റർ | 108.75 |
| .66 | ബെൽഡർ | 217.14 |
| | ട്രഞ്ചിംഗ് | |
| .66 | ഫിറ്റർ | 217.14 |
| .66 | ബെൽഡർ | 217.14 |
| | ആകെ | 2140.17 |
| | മാർക്കറ്റ് നിരക്ക് | 1380.00 |
| | വാട്ടർ ചാർജ്1% | 13.80 |
| | Net Total(A) | 1393.80 |
| | മാർക്കറ്റ് റേറ്റ് ഒഴികെ | 760.17 |
| | വാട്ടർ ചാർജ്1% | 7.60 |
| | Net Total(B) | 767.77 |
| | കോസ്റ്റ് ഇൻഡക്സ് Total(A)+1.4095(B) | 2475.97 |
| | 1മീറ്ററിന് | 247.60 |

ഡാറ്റ പ്രകാരം 200 മീറ്ററിന് അനുവദനീയമായ നിരക്ക് 49520.00 രൂപ (200*247.6) ആണ്(കൺവീനർക്ക് നല്കിയിട്ടുള്ളത് 75 മി.മീ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്കാണ്). അധികം നല്കിയ തുക ചുവടെ ചേർക്കുന്നു

| | |
|---|---|
| നല്കിയ നിരക്ക് 200മീ@302.20 /മീ | 60440.00 |
| നല്കാവുന്ന നിരക്ക്@247.60/മീ | 49520.00 |
| അധികം നല്കിയത് | 10920.00 |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ തുക തിരികെ ഈടാക്കി ഒടുക്ക് വിവരം ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ ഒടുക്ക് വിവരം അറിയിക്കാത്തപക്ഷം തെറ്റായ നിരക്ക് നിർണ്ണയത്തിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടം 10920/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റിന് അംഗീകാരം നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-6 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് നവീകരണം - ഒരേയിനം പ്രവൃത്തിക്ക് ഒരേ വർഷം വ്യത്യസ്ത നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് കോമ്പൗണ്ട് നവീകരണം |
| പ്രോജക്ട് നം | 110/16 |
| കൺവീനർ | കെ.എൻ.സജികുമാർ |
| അളവുപുസ്തകം | 209/14-15 |
| അടങ്കൽ | 453592/- വികസനഫണ്ട്<br>195198/-റോഡിതരം |
| ചെലവ്(കൺവീനർക്ക് നല്കിയത്)<br><br>ആകെ | 97193/-(ഡി.ഡി.നം.415544/30.7.2015)<br>244086/-(ഡി.ഡി.നം.412522/14.1.2016)<br>39004/-(ഡി.ഡി.നം.413142/21.3.2016)<br>177257/-(ഡി.ഡി.നം.413142/21.3.2016)<br>41550/-(ഡി.ഡി.നം.413209/23.3.2016)<br>599090/-രൂപ |

പഞ്ചായത്ത് കോമ്പൗണ്ട് നവീകരണം എന്ന പ്രവൃത്തിയിൽ 688 ഘന.മീ മണ്ണ് പണിയും 470 ച.മീ ഇന്റർ ലോക്ക് ടൈൽ പാകുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃസമിതി കണക്കനുസരിച്ച്, പ്രവൃത്തിയുടെ ആകെയുള്ള ലേബർ ചാർജ് ഇനത്തിൽ മസ്റ്റർറോൾ പ്രകാരം 195400/- രൂപയും മെറ്റീരിയൽ ചാർജ് ഇനത്തിൽ ബില്ല് പ്രകാരം 230000/- രൂപയും ഉൾപ്പെടെ 425400/- രൂപ ചെലവുണ്ട്. ഈ കണക്ക് ഗുണഭോക്തൃസമിതി പാസാക്കിയിട്ടുമുണ്ട്. എന്നാൽ ബില്ല് പ്രകാരം നികുതിയടക്കം 648790/-രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുമ്പോൾ കൺവീനറുടെ യഥാർത്ഥ ചെലവോ എസ്റ്റിമേറ്റ് നിരക്കോ ഏതാണ് കുറവ് അതാണ് അനുവദനീയം. ഇത് പാലിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ കണക്കാക്കിയ മൂല്യത്തുക പൂർണ്ണമായും നല്കിയതുമൂലം അധികം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൺവീനർക്ക് നല്കിയ തുക | 599090/- |
| കൺവീനറുടെ കണക്ക് പ്രകാരം ചെലവ് | 425400/- |

| | |
|---|---|
| അധികം നല്കിയത് | 173690/- |

എസ്.ഒ.ആർ 2012 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 75 മി.മീ കനത്തിൽ പാറപ്പൊടി വിരിച്ച് ഇൻറർ ലോക്ക് ടൈൽ പാകുന്നതിന് 1009രൂപ/ച.മീ നിരക്ക് നല്കിയിട്ടുണ്ട്. ഡാറ്റാ പരിശോധിച്ചതിൽ ഇൻറർ ലോക്ക് ടൈലിന്റെ കനം രേഖപ്പെടുത്തിയിട്ടില്ല. ഇതോടൊപ്പം ഏറ്റെടുത്ത് നിർവ്വഹിച്ച അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മുറ്റം നവീകരണം എന്ന പ്രവൃത്തിക്ക് 80 മി.മീ കനമുള്ള പേവർ ബ്ലോക്കിന് പോലും 900/ച.മീ നിരക്ക് മാത്രമാണ് നല്കിയിട്ടുള്ളത്(ഡി.എസ്.ആർ.2014). മേൽ പ്രവൃത്തിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത് 50 മി.മീ സ്റ്റോൺ ചിപ്പ് ഉപയോഗിച്ച് തയ്യാറാക്കിയ ബഡിൽ 80 മി.മീ കനമുള്ള പേവർ ബ്ലോക്ക് പാകുക എന്ന പ്രവൃത്തിയാണ്. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ തന്നെ നടത്തിയ പ്രവൃത്തി എന്ന നിലയിൽ ഓഡിറ്റ് ഭൗതിക പരിശോധന നടത്തിയതിൽ രണ്ട് പ്രവൃത്തികളിലും സ്റ്റോൺ ചിപ്പ് ഉപയോഗിച്ച് തയ്യാറാക്കിയ ബഡിൽ 60 മി.മീ കനമുള്ള പേവർ ബ്ലോക്ക് പാകുകയാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ പാകിയ പേവർ ബ്ലോക്കിന്റെ കനം പോലും കൃത്യമായി നിർണ്ണയിക്കാതെ മൂല്യനിർണ്ണയം നടത്തി അധികത്തുക കൺവീനർക്ക് നല്കിയ നടപടി തികച്ചും ക്രമ വിരുദ്ധമാണ്. ഒരു വർഷം ഏറ്റെടുത്ത ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്തമായ നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (ഒരേ ഇനത്തിന് എസ്ഒആർ 2012 അടിസ്ഥാനമാക്കിയും ഡിഎസ്ആർ 2014 അടിസ്ഥാനമാക്കിയും നിരക്ക് നിർണ്ണയിച്ച് ഒരേ വർഷം വ്യത്യസ്ത നിരക്ക് പ്രകാരം പ്രവൃത്തി ഏറ്റെടുക്കാനാവില്ല.) ഈ സാഹചര്യത്തിൽ ഇതോടൊപ്പം ചെയ്ത പ്രവൃത്തിയ്ക്ക് നൽകാവുന്ന നിരക്കായ 738/ച.മീ.നിരക്കിൽ അധികരിച്ച് നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്ഒആർ 2012 അടിസ്ഥാനമാക്കി നൽകിയ നിരക്ക് 470 ച.മീ. @ 1009/ച.മീ. | 474230 |
| ഇതോടൊപ്പം ചെയ്ത ഇതേ പ്രവൃത്തിക്ക് ഡിഎസ്ആർ 2014 പ്രകാരം നൽകിയതും അനുവദിച്ച് നൽകാവുന്നതുമായ നിരക്ക് 470 ച.മീ.@738/ച.മീ. (ഖ.3-7-1 കാണുക) | 346860 |
| അധികം നൽകിയത് | 127370 |

അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റൻറ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൺവീനറുടെ കണക്കും യഥാർത്ഥത്തിൽ നൽകിയ തുകയും വ്യത്യസ്തമായതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ആകെ തുകയായ 6,48,790 രൂപയിൽ നിരാകരിച്ച 1,27,370 രൂപ ഒഴികെയുള്ള 5,21,420 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7-1 <u>അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മുറ്റം എന്നിവ നവീകരണം -അപാകതകൾ</u>

| | |
|---|---|
| പ്രോജക്ട് | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മുറ്റം എന്നിവ നവീകരണം |
| പ്രോജക്ട് നം | 118/16 |
| കൺവീനർ | ഓമന കെ.ജി |
| അളവുപുസ്തകം | 8/15-16 |
| അടങ്കൽ<br>ചെലവ്(നികുതിയടക്കം) | 700000/-റോഡിതരം<br>696738/- |
| ചെലവ്(കൺവീനർക്ക്നല്കിയത്)<br>ആകെ | 343559/-(ഡി.ഡി.നം 412344/22.12.2015)<br>299806/-(ഡി.ഡി.നം 413146/21.03.2016)<br>643365/- |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മുറ്റം എന്നിവയുടെ നവീകരണം എന്ന പ്രവൃത്തിക്ക് ഡി.എസ്.ആർ 2014 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ അളവുപുസ്തക പ്രകാരം അനുബന്ധം(ബി) ഇനം 8 പ്രകാരം 368 ച.മീ പേവർബ്ലോക് പാകുകയും ഇതിന് 900/ച.മീ നിരക്കിൽ 331200/-രൂപ നല്കുകയും ചെയതിട്ടുണ്ട്. ഡാറ്റ പ്രകാരം 80 മി.മി കനമുള്ള പേവർബ്ലോക്ക് പാകുന്നതിന് അനുവദനീയമായ നിരക്കാണ് ഇത്. ഭൗതിക പരിശോധനയിൽ 60 മി.മീ കനമുള്ള പേവർബ്ളോക്ക് ആണ് പാകിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി ഇതിന് നല്കാവുന്ന നിരക്ക് 738/ച.മീ ആണ്. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ നിരക്ക്(80മി.മി കനമുള്ള പേവർബ്ലോക്ക്)<br>368@900/ച.മീ | 331200/- |
| നല്കാവുന്ന നിരക്ക്(60മി.മി കനമുള്ള പേവർബ്ലോക്ക്)<br>368@738/ച.മീ | 271584/- |
| വ്യത്യാസം | 59616/- |

എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിൽ നിന്ന് വ്യത്യസ്തമായി കനം കുറഞ്ഞ പേവർബ്ലോക്ക് പാകുകയും കൂടിയ നിരക്ക് നല്കുകയും ചെയ്തത് സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ ഗുരുതരമായ വീഴ്ചയാണ്. മേൽ സൂചിപ്പിച്ച അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഓഡിറ്റ് പൂർത്തീകരണത്തിന് ശേഷം ലഭ്യമാക്കിയ മറുപടിയിൽ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ അധികം നല്കിയ 59616/- നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുകയും അളവ് രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്യുകയും തുക നല്കുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാകുന്നതുവരെ നിരാകരിച്ച 59,616/-രൂപ കിഴിച്ചുള്ള തുകയായ 5,83,749/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7-2 ളാക്കാട്ടൂർ എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം-അധിക നിരക്ക് നല്കി

| | |
|---|---|
| പ്രോജക്ട് | ളാക്കാട്ടൂർ എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം |
| പ്രോജക്ട് നം | 54/16 |
| കൺവീനർ | ജോസ് തോമസ് |
| അളവുപുസ്തകം | 5/15-16 |
| അടങ്കൽ | 500000/-എസ്.സി.പി |
| ചെലവ്<br>കൺവീനർക്ക് നല്കിയത് | 500000/-<br>461698/-(ഡി.ഡി നം.412071 തീ 21.10.2015) |

പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്തത് 345 ച.മീ ഇന്റർലോക്ക് പാകലായിരുന്നു. ഇതിന് ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച 80 മി.മീ പേവർബ്ലോക്കിന് നല്കുന്ന നിരക്കായ 900/-രൂപ/ച.മീ നല്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ 60മി.മീ പേവർബ്ലോക്കാണ് പാകിയിട്ടുള്ളത് എന്ന് കണ്ടെത്തി ഇതിന് അനുവദനീയമായ നിരക്ക് 738/ച.മീറ്ററാണ്(ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചത്). ആയതിന്റെ അടിസ്ഥാനത്തിൽ അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക345 ച.മീ @900/ച.മീറ്റർ | 310500/- |
| നല്കാവുന്ന തുക 345ച.മീ@738/ച.മീറ്റർ | 254610/- |
| അധികം നല്കിയത് | 55890/- |

സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി ചെയ്യുകയും കൂടിയ നിരക്ക് അനുവദിച്ച് നല്കുകയും ചെയ്യതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കേണ്ടതും അധികം നല്കിയ തുക 55890 രൂപ നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുകയും അളവ് രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്യുകയും തുക നല്കുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവർത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാകുന്നതുവരെ നിരാകരിച്ച 55890/-രൂപ കിഴിച്ചുള്ള തുകയായ 254610/-രൂപ (310500-55890)തടസ്സപ്പെടുത്തുന്നു.

## 3-8-1 ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പൊതുകം-മുളഞ്ഞംകുഴി-മാനോലി റോഡ് ടാറിംഗ് പ്രവൃത്തി-അധിക നിരക്ക് നല്കി

2015-16 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി, ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പൊതുകം-മുളഞ്ഞംകുഴി-മാനോലി റോഡ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിന് ധന നഷ്ടം വന്നതും നിർദ്ദിഷ്ട നിരക്കിൽ ബിറ്റുമിൻ ഉപയോഗിക്കായ്കയാൽ ഗുണനിലവാരനിഷ്കർഷ പാലിക്കാത്തതുമായ പ്രവൃത്തികൾ നടന്നിട്ടുള്ളതായി കാണുന്ന വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | പൊതുകം-മുളഞ്ഞംകുഴി-മാനോലി റോഡ് |
| പ്രോജക്ട് നമ്പർ | 08/2016 |
| അളവുപുസ്തകം | 12/15-16 |
| അടങ്കൽ | 499623/-(വികസനഫണ്ട്) |
| ചെലവ്<br>കൺവീനർക്ക് നല്കിയത് | 499623/-<br>461350/-(ഡി.ഡി.നമ്പർ 412663/29.1.2016) |
| കൺവീനർ | തോമസ് പി.ജെ., പാലാക്കുഴിയിൽ |
| കരാർ നമ്പർ | 3/AEE/lsgd/pdy/15-16 dt 28.4.2015 |

അളവുപുസ്തകം ക്ര.നം 9,10,11 എന്നിവ പ്രകാരം ടാക് കോട്ട് , 2സെ.മീ ചിപ്പിംഗ് കാർപറ്റ്, സീൽ കോട്ട് എന്നിവ 548 ച.മീ അളവിൽ ചെയ്തിട്ടുണ്ട്. ഇതിനുപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ബിറ്റുമിന്റെ അളവ് താഴെ പറയുന്നു (അളവുപുസ്തകപ്രകാരമുള്ളത്)

| | |
|---|---|
| ടാക് കോട്ട് 548 ച.മീ | 411.00കി.ഗ്രാം |
| 2സെ.മീ ചിപ്പിംഗ് കാർപറ്റ് 548 ച.മീ | 789.12കി.ഗ്രാം |
| സീൽ കോട്ട് 548 ച.മീ | 537.04 കി.ഗ്രാം |

| | |
|---|---|
| ആകെ | 1737.16 കി.ഗ്രാം |

എന്നാൽ കൺവീനർ ലഭ്യമാക്കിയിട്ടുള്ള സിഡ്കോയിൽ നിന്നുള്ള ബിൽ പ്രകാരം 156 കി.ഗ്രാം ഉൾക്കൊള്ളുന്ന 11 ബാരലുകളാണ് വാങ്ങിയിട്ടുള്ളത്. ഇതനുസരിച്ച് 1716കി.ഗ്രാം ബിറ്റുമിനാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്(11*156). എസ്റ്റിമേറ്റ് പ്രകാരമുള്ള അളവായ 534 ച.മീ നിജപ്പെടുത്തിയാണ് തുക നല്കിയതെങ്കിലും 21.16 കി.ഗ്രാം ബിറ്റുമിന്റെ(1737.16-1716) കുറവ് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിച്ചതായി കണക്കാക്കേണ്ടിയിരിക്കുന്നു.

ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ കൺവീനറുടെ യഥാർത്ഥ ചെലവാണ് നൽകേണ്ടത്. എന്നാൽ കൺവീനർ ഹാജരാക്കിയ ബില്ല് പരിശോധിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നല്കിയതു മൂലം ബിറ്റുമിന് അധിക നിരക്ക് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>ബിറ്റുമിന് എസ്റ്റിമേറ്റിൽ വകയിരുത്തിയതും കൺവീനർക്ക് നല്കിയതുമായ തുക</u>

| | |
|---|---|
| വി.ജി30ബിറ്റുമിന് എസ്റ്റിമേറ്റിൽ വകയിരുത്തിയത് | 41000/ടൺ |
| വാട്ടർ ചാർജ് 1% | 410/- |
| ആകെ | 41410/- |
| കോസ്റ്റ് ഇൻഡക്സ് 1.4095 | 16957.40 |
| | 58367.40 |
| 1കി.ഗ്രാമിന് വില | 58.37/കി.ഗ്രാം |

<u>കൺവീനർ ഹാജരാക്കിയ ബില്ല് പ്രകാരം നല്കാവുന്ന നിരക്ക്</u>

| | |
|---|---|
| 156 കി.ഗ്രാം ഉള്ള 11 ബാരലിന് കൺവേയൻസ്, നികുതി അടക്കം വില(1716 കി.ഗ്രാം) | 69428/- |
| വാട്ടർ ചാർജ് 1% | 694.28 |
| ആകെ | 70122.28 |
| 1കി.ഗ്രാമിന് നല്കാവുന്ന യഥാർത്ഥ നിരക്ക് (70122.28/1716) | 40.86/കി.ഗ്രാം |

<u>അധികം നല്കിയതുക</u>

| | |
|---|---|
| 1716 കി.ഗ്രാം ബിറ്റുമിന് നല്കിയ തുക<br>(എസ്റ്റിമേറ്റ് നിരക്ക് @58.37) | 100162.92 |
| 1716 കി.ഗ്രാം ബിറ്റുമിന് നല്കാവുന്ന തുക(@40.86) | 70115.76 |
| അധികം നല്കിയത് | 30047.16 |

2009 സി.പി.ഡബ്ള്യ.ഡി സ്പെസിഫിക്കേഷൻ പ്രകാരം ബാരൽ വില ഈടാക്കുകയോ അല്ലാത്ത പക്ഷം ബാരൽ കേട്ട കൂടാതെ തിരികെ വാങ്ങുകയോ ചെയ്യണം. ബാരൽ തിരികെ ലഭിച്ചിട്ടില്ലാത്തതിനാൽ 11 ബാരലിന്റെ വില(11*250=2750രൂപ)+ നികുതിയടക്കം ഈടാക്കേണ്ടതായിരുന്നെങ്കിലും ഈടാക്കിയിട്ടില്ല.

അപാകതകളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഓഡിറ്റ് പൂർത്തീകരണത്തിന് ശേഷം ലഭ്യമാക്കിയ മറുപടിയിൽ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ ഒടുക്ക് വിവരം ബോധ്യപ്പെടുത്താത്ത പക്ഷം ഗുണഭോക്തൃസമിതി കൺവീനർക്ക് അധികം നല്കിയ 30047.16 രൂപയും ബാരലിന്റെ വിലയായ 2750രൂപ+നികുതിയും ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-8-2 അതിരമുണ്ട-ചെറിയ പ്ലാക്കൽ റോഡ്-ഗുണഭോക്തൃസമിതി കൺവീനർക്ക് നല്കിയത് അധിക നിരക്ക്

| | |
|---|---|
| പ്രോജക്റ്റ് | അതിരമുണ്ട-ചെറിയ പ്ലാക്കൽ റോഡ് |
| പ്രോജക്റ്റ് നമ്പർ | 05/2016 |
| അളവുപുസ്തകം | 15/15-16 |
| അടങ്കൽ | 500000/-(വികസനഫണ്ട്)<br>150000/-(തനത്) |
| ചെലവ്<br>കൺവീനർക്ക് നല്കിയത് | 648073/-450355/-(ഡി.ഡി.നമ്പർ 41284/29.2.2016)<br>148073/-(ഡി.ഡി.നമ്പർ 413891/13.6.2016) |
| കൺവീനർ | ഗോപിനാഥൻ നായർ |
| കരാർ നംപർ | 15/AEE/lsgd/pdy/15-16 dt 28.4.2015 |

അളവുപുസ്തകം ക്ര.നം 8,9,10 എന്നിവ പ്രകാരം ടാക് കോട്ട്, 2സെ.മീ ചിപ്പിംഗ് കാർപറ്റ്, സീൽ കോട്ട് എന്നിവ 792.17 ച.മീ അളവിൽ ചെയ്തിട്ടുണ്ട്. ഇതിനുപയോഗിച്ച ബിറ്റുമിന്റെ അളവ് താഴെ പറയുന്നു (അളവുപുസ്തകപ്രകാരമുള്ളത്)

| | |
|---|---|
| ടാക് കോട്ട് 792.17 ച.മീ | 594.13കി.ഗ്രാം |
| 2സെ.മീ ചിപ്പിംഗ് കാർപറ്റ് 792.17 ച.മീ | 1140.73കി.ഗ്രാം |
| സീൽ കോട്ട് 792.17 ച.മീ | 776.33 കി.ഗ്രാം |
| ആകെ | 2511.19കി.ഗ്രാം |

കൺവീനർ ലഭ്യമാക്കിയിട്ടുള്ള സിഡ്കോയിൽ നിന്നുള്ള ബിൽ പ്രകാരം 156 കി.ഗ്രാം ഉൾക്കൊള്ളുന്ന 15 ബാരലുകളാണ് വാങ്ങിയിട്ടുള്ളത്. ഇതനുസരിച്ച് 2340 കി.ഗ്രാം ബിറ്റുമിനാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവായ 732 ച.മീ നിജപ്പെടുത്തിയാണ് തുക നല്കിയതെങ്കിലും 171.19 കി.ഗ്രാം ബിറ്റുമിന്റെ കുറവ് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിച്ചതായി കണക്കാക്കേണ്ടിയിരിക്കുന്നു.

ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ കൺവീനറുടെ യഥാർത്ഥ ചെലവാണ് നൽകേണ്ടത്. എന്നാൽ കൺവീനർ ഹാജരാക്കിയ ബില്ല് പരിശോധിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നല്കിയതു മൂലം ബിറ്റുമിന് അധിക നിരക്ക് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ബിറ്റുമിന് എസ്റ്റിമേറ്റിൽ വകയിരുത്തിയതും കൺവീനർക്ക് നല്കിയതുമായ തുക

| | |
|---|---|
| വി.ജി30ബിറ്റുമിന് എസ്റ്റിമേറ്റിൽ വകയിരുത്തിയത് | 41000/ടൺ |
| വാട്ടർ ചാർജ് 1% | 410/- |
| ആകെ | 41410/- |

| | |
|---|---|
| കോസ്റ്റ് ഇൻഡക്സ് 1.4095 | 16957.40 |
| | 58367.40 |
| 1കി.ഗ്രാമിന് വില | 58.37/കി.ഗ്രാം |

കൺവീനർ ഹാജരാക്കിയ ബില്ല് പ്രകാരം നല്കാവുന്ന നിരക്ക്

| | |
|---|---|
| 156 കി.ഗ്രാം ഉള്ള 15 ബാരലിന് കൺവേയൻസ്,നികുതി അടക്കം വില<br><br>(2340കി.ഗ്രാം) | 84094/- |
| വാട്ടർ ചാർജ് 1% | 840.94 |
| ആകെ | 84934.94 |
| 1കി.ഗ്രാമിന് നല്കാവുന്ന നിരക്ക്(84934.94/2340) | 36.29/കി.ഗ്രാം |

അധികം നല്കിയതുക

| | |
|---|---|
| 2340 കി.ഗ്രാം ബിറ്റുമിന് നല്കിയ തുക(എസ്റ്റിമേറ്റ് നിരക്ക് @58.37) | 136585.80 |
| 2340 കി.ഗ്രാം ബിറ്റുമിന് നല്കാവുന്ന തുക( @36.29) | 84918.40 |
| അധികം നല്കിയത് | 51667.40 |

2009 സി.പി.ഡബ്ള്യു.ഡി സ്പെസിഫിക്കേഷൻ പ്രകാരം ബാരൽ വില ഈടാക്കുകയോ അല്ലാത്ത പക്ഷം ബാരൽ കേടു കൂടാതെ തിരികെ വാങ്ങുകയോ ചെയ്യണം ബാരൽ തിരികെ ലഭിച്ചിട്ടില്ലാത്തതിനാൽ 15 ബാരലിന്റെ വില(15*250=3750രൂപ)+ നികുതിയടക്കം ഈടാക്കേണ്ടതായിരുന്നെങ്കിലും ഈടാക്കിയിട്ടില്ല.
മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഓഡിറ്റ് പൂർത്തീകരണത്തിന് ശേഷം ലഭ്യമാക്കിയ മറുപടിയിൽ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ ഒടുക്ക് വിവരം ബോധ്യപ്പെടുത്താത്ത പക്ഷം ഗുണഭോക്തൃസമിതി കൺവീനർക്ക് അധികം നല്കിയ 51667.40 രൂപയും ബാരലിന്റെ വിലയായ 3750രൂപ+നികുതിയും ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് പ്രൊജക്ട് - വീൽചെയർ വാങ്ങിയതിന് അധിക നിരക്ക് നല്കി

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ |
| പ്രോജക്ട് നം.; വർഷം | S0134/16 ; 2015-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സൂപ്രണ്ട്), താലൂക്ക് ആശുപത്രി-പാമ്പാടി |
| അടങ്കൽ തുക | 10,00,000/- രൂപ (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 7,24,934/- രൂപ |
| ചെലവ് വിശദാംശം | ബിൽ നം.7/22.03.2016, 13/31.03.2016,14/31.03.2016 |

മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായ ഐ.പി. കെയർ വിഭാഗത്തിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നം.14/31.03.2016 പ്രകാരം 2,99,998/- രൂപ ചെലവഴിച്ചിട്ടുണ്ട് (ഡി.ഡി.നം.413609 തീയതി 04.04.2016). കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.എം.എസ്.സി.എൽ)-തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത് (കാരുണ്യ മെഡിസിൻ ഡിപ്പോ-കൊല്ലം എന്ന ഏജൻസി വഴി). കെ.എം.എസ്.സി.എൽ-ന്റെ 18.03.2016 ലെ പെർഫോമ ഇൻവോയ്സ് നം.PRF4073 പ്രകാരം 'Wheel Chair with Commode' എന്ന ഉപകരണത്തിന് യൂണിറ്റിന് 6000/- രൂപ വീതം ആകെ 11 എണ്ണത്തിന് 66,000/- രൂപ എന്നാണ് നിർദ്ദേശിച്ചിരുന്നത്(ഇനം ക്രമ നം.2). എന്നാൽ ടി സ്ഥാപനം പ്രസ്തുത മെഡിക്കൽ ഉപകരണം ഇൻവോയ്സ് നം.2909/06.09.2016 പ്രകാരം ലഭ്യമാക്കിയപ്പോൾ യൂണിറ്റിന് 6600/- രൂപ കണക്കാക്കി 11 എണ്ണത്തിന് 72,600/- രൂപ ഈടാക്കി. പെർഫോമ

ഇൻവോയ്സിൽ നിർദ്ദേശിച്ച നിരക്കിനേക്കാൾ 600/- കൂടുതൽ നൽകിയതിനാൽ ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 6,600/- രൂപയുടെ(11*600) നഷ്ടമുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം വന്ന തുക 6600/- രൂപ കെ.എം.എസ്.സി.എൽ-ൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽവിവരിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.12/03.02.2016) നൽകിയതിന് മറുപടിയിൽ കെ.എം.എസ്.സി.എൽ. നൽകിയ പെർഫോമ ഇൻവോയ്സിൽ നൽകിയ നിരക്കിനേക്കാൾ അധിക നിരക്ക് ഈടാക്കിയത് തൽസമയത്തെ വില അടിസ്ഥാനമാക്കിയാണ് എന്നാണ്. അധികമായി നൽകിയ തുക കെ.എം.എസ്.സി.എൽ-ൽ നിന്നും തിരികെ ഈടാക്കുകയോ അല്ലെങ്കിൽ തുടർന്നുള്ള വാങ്ങലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പരിഹരിച്ച് നടപടിയുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ - 10,005/- രൂപയുടെ മെഡിക്കൽ സ്റ്റേഷനറി നാളിതുവരെ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(സൂപ്രണ്ട്),താലൂക്ക് ആശുപത്രി-പാമ്പാടി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയറിന്റെ (പ്രോജക്ട് നം. S0134/16) ഭാഗമായി ബിൽ നം.14/31.03.2016 പ്രകാരം 2,99,998/- രൂപയുടെ ഡി.ഡി നം.413609/04.04.2016 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.എം.എസ്.സി.എൽ) എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പെർഫോമ ഇൻവോയ്സ് നം.PRF4073/ 18.03.2016 പ്രകാരമുള്ള മെഡിക്കൽ സ്റ്റേഷനറിയിൽ നാളിതുവരെ ലഭ്യമാക്കിയ ഇനങ്ങളുടെ (ഇൻവോയ്സ് നം.1659/27.06.2016,2909:2910/ 06.09.2016, 5688/21.12.2016) ആകെ മൂല്യം 2,89,993/- രൂപയാണ്. എന്നാൽ പ്രസ്തുത തുകയിൽ Wheel Chair with Commode എന്ന ഉപകരണം 11 യൂണിറ്റിന് 600/- രൂപ അധികം കണക്കാക്കി 6600/- രൂപ കൂടി അധികമായി നൽകിയ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ട് പ്രകാരം 10,005/- രൂപയുടെ സ്റ്റേഷനറി ലഭ്യമാക്കേണ്ടതുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1. | LS CORSET DLX 38 DYNA | 369.75 | 5 | 1848.75 |
| 2. | LS CORSET DLX 40 DYNA | 385.25 | 5 | 1926.25 |
| 3. | ELASTIC ADHE BANDAGE BP 10CM 4/6 TOP | 266.25 | 2 | 532.50 |
| 4. | CREPE BANDAGE BP 10 CM TOP | 86 | 3 | 258 |
| 5. | DIAPER-ADULT (M)P.LOVE | 29.20 | 200 | 5840 |
| 6. | FOLY CATCHER-20 | 124 | 50 | 6200 |
| ആകെ | | | | 16605.5 |
| (-) ഖ.3-9 പ്രകാരമുള്ള അധികനിരക്ക് | | | | (-) 6600 |
| അറ്റകുറവ് | | | | 10,005.50 |

വിശദാംശം കെ.എം.സി.എസ്.എൽ മാനേജരെ അറിയിച്ച് അടിയന്തിരമായി സ്റ്റേഷനറി ലഭ്യമാക്കേണ്ടതാണ്. നടപടി പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.) - പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷം നടപ്പിലാക്കിയ ഐ.എ.വൈ. പദ്ധതിയിലൂടെ വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 244 ഗുണഭോക്താക്കൾക്കാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ 21.01.2017-ലെ ഐ.എ.വൈ. പ്രോഗ്രസ് റിപ്പോർട്ടിൽ തൻവർഷം കരാർ ചമച്ച 242

ഗുണഭോക്താക്കളിൽ 194 പേർ ഗൃഹനിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം നിലവിൽ ഗൃഹനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന 48 ഗുണഭോക്താക്കളുണ്ട്(ഫ്ലോർ ബേസ്-7, വാൾ പോർഷൻ-16, റൂഫ് ലെവൽ-25).

ഐ.എ.വൈ. പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 8 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതവും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വിഹിതവും ഐ.എ.വൈ.(പ്ലാൻ) എന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു(അക്കൗണ്ട് നം.6716988433). ഐ.എ.വൈ. കേന്ദ്രസർക്കാർ വിഹിതം ഐ.എ.വൈ.(സെൻട്രൽ) എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുന്നു(അക്കൗണ്ട് നം.57050872628). പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുന്നത്. ബാങ്ക് പലിശ ലഭിക്കുന്നതും വിഹിതമിനമായ ബാധ്യതയായി കണക്കാക്കിയാണ് അക്കൗണ്ട് ചെയ്യുന്നത്. 2015-16 വർഷത്തെ ഫണ്ട് വിനിയോഗം താഴെ ചേർക്കുന്നു.

| ഐ.എ.വൈ. പ്ലാൻ | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 15987971 |
| തൻവർഷ വരവ് | ജില്ല പഞ്ചായത്ത് | 8489970 | 32237318 |
| | ബ്ലോക്ക് പഞ്ചായത്ത് | 6099485 | |
| | ഗ്രാമ പഞ്ചായത്ത് | 8357190 | |
| | സംസ്ഥാന വിഹിതം | 8614577 | |
| | പലിശ | 676096 | |
| | ആകെ | 48225289 | |
| ആകെ | | | 48225289 |
| ചെലവ് | | | 26672005 |
| നീക്കിയിരിപ്പ് | | | 21553284 |

| ഐ.എ.വൈ. സെൻട്രൽ | |
|---|---|
| മുന്നിരിപ്പ് | 5711069 |
| തൻവർഷ വരവ് | 7428351 |
| ആകെ | 13139420 |
| ചെലവ് | 6608104 |
| നീക്കിയിരിപ്പ് | 6531316 |

## 3-12 ഐ.എ.വൈ.- 7 ഗുണഭോക്താക്കളുടെ വീടുനിർമ്മാണത്തിൽ പുരോഗതിയില്ല

2015-16 വർഷത്തെ ഐ.എ.വൈ. ഗുണഭോക്താക്കളിൽ 7 പേർ ഗൃഹനിർമ്മാണത്തിൽ പുരോഗതിയില്ലാതെ നിലവിലും തുടരുന്നു (21.01.2017-ലെ ഐ.എ.വൈ. പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം). ടി ഗുണഭോക്താക്കൾ 2015-16 വർഷത്തിൽ ഐ.എ.വൈ. വിഹിതം 17,500/- രൂപ വീതം കൈപ്പറ്റി വീടിന്റെ തറ നിർമ്മിതി (ഫ്ലോർ ലെവൽ) മാത്രമാണ് നിലവിൽ പൂർത്തീകരിച്ചത്. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | പഞ്ചായത്ത് | വിഭാഗം |
|---|---|---|---|
| 1. | ലീലാമ്മ ചെല്ലപ്പൻ, കുമ്പന്താനം | പാമ്പാടി | എസ്.സി. |
| 2. | നീന റോയി, കൊട്ടിയം പറമ്പിൽ | എലിക്കുളം | ജനറൽ |
| 3. | ഉഷാകുമാരി റ്റി.ആർ., തൊണ്ടുവേലിൽ, നരിയനാനി | എലിക്കുളം | എസ്.സി. |
| 4. | സജിത ചന്ദ്രൻ, മുല്ലന്തുരുത്തേൽ, കിടങ്ങൂർ സൗത്ത് | കിടങ്ങൂർ | എസ്.സി. |

| | | | |
|---|---|---|---|
| 5. | രജനി രാജേഷ്, കാവിൽകുന്നംപുറം | കിടങ്ങൂർ | എസ്.സി. |
| 6. | ഷൈലാ പ്രദോഷ്, കല്ലേലിൽ | മണർകാട് | ജനറൽ |
| 7. | വിനോദ് ബി., കുന്നംപുറത്ത് | എലിക്കുളം | എസ്.സി. |

മേൽ ഗുണഭോക്താക്കളുടെ ഗൃഹനിർമ്മിതിയിലുള്ള പുരോഗതി നേരിട്ട് പരിശോധിക്കേണ്ടതാണ്. നിർമ്മാണം ഉപേക്ഷിച്ച നിലയിലാണെങ്കിൽ മുൻകൂർ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. 2015-16 വർഷത്തെ നിലവിൽ ഗൃഹനിർമ്മാണം ഭാഗികമായി പൂർത്തീകരിക്കുക(വാൾ പോർഷൻ, റൂഫ് ലെവൽ) മാത്രം ചെയ്തിട്ടുള്ള മറ്റ് 41 ഗുണഭോക്താക്കളുടെയും വീടുനിർമ്മാണത്തിലെ തുടർനടപടികളും നിരീക്ഷിക്കേണ്ടതാണ്.

## 3-13 പദ്ധതി മോണിറ്ററിംഗ് ചെലവ് -ധനവിനിയോഗം തൃപ്തികരമല്ല

| | |
|---|---|
| പ്രോജക്ട് | പദ്ധതി മോണിറ്ററിംഗ് |
| പ്രോജക്ട് നമ്പർ | 60/16 |
| അടങ്കൽ | 50000/- |
| ചെലവ് | 20450/- |
| ഡി.ഡി.നമ്പർ/തീയതി | 412084/28.10.2015 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2015-16 പദ്ധതി മോണിറ്ററിംഗിന് വരുന്ന ചെലവുകൾക്ക് 1,00,000/- രൂപ വരെ ചെലവഴിക്കുന്നതിന് അനുമതിയുണ്ട്. തൻവർഷം ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എക്സിക്യൂട്ടീവ് ഫോൾഡർ 300 | 13150 |
| നോട്ട്പാഡ് 46 | |
| ഫോട്ടോസ്റ്റാറ്റ് പേപ്പർ എ4- 20പായ്ക്കറ്റ് | 7300 |
| ഫോട്ടോസ്റ്റാറ്റ് പേപ്പർ എ3- 10പായ്ക്കറ്റ് | |
| ആകെ | 20450 |

മോണിറ്ററിംഗ് കമ്മറ്റികളുടെ പ്രവർത്തന ചെലവിനായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് വാങ്ങിയ ഏകദേശം 50 രൂപ വിലവരുന്ന(ഒരെണ്ണത്തിന്) എക്സിക്യൂട്ടീവ് ഫോൾഡർ, നോട്ട്പാഡ് എന്നിവ വിതരണം ചെയ്തതിന് രേഖകളില്ല. മോണിറ്ററിംഗ് സമിതിയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളില അംഗങ്ങൾ 100 ൽ താഴെ ആയിരിക്കെ 300 എക്സിക്യൂട്ടീവ് ഫോൾഡർ വാങ്ങിയതിന് കാരണം വ്യക്തമല്ല. കൂടാതെ മേണിറ്ററിങ്ങ് സംബന്ധമായ ആവശ്യത്തിനായി മാത്രം നോട്ട്പാഡിന് പുറമെ 30 പായ്ക്കറ്റ് ഫോട്ടോസ്റ്റാറ്റ് പേപ്പർ വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കാൻ സുലേഖ സോഫ്റ്റ്വെയറിലൂടെ നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറം ഉപയോഗിക്കാമെന്നിരിക്കെ ആയത് ഉപയോഗിക്കാതെ ഇത്രയധികം സ്റ്റേഷനറി വാങ്ങുന്നതിന് വികസനഫണ്ട് വിനിയോഗിച്ചത് ആശാസ്യമല്ല. മേൽ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അന്നത്തെ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. വാങ്ങിയ എക്സിക്യൂട്ടീവ് ഫോൾഡറുകളുടെ സ്റ്റോക്ക് വിവരം, വിതരണ വിവരം എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 20450/-രൂപ തടസ്സപ്പെടുത്തുന്നു. പരാമർശിച്ച വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 വികസന സെമിനാറിൽ പങ്കെടുത്തവർക്ക് ഉപഹാരം-പദ്ധതിപ്പണത്തിന്റെ ദുരുപയോഗം

| | |
|---|---|
| പ്രോജക്ട് | പദ്ധതി രൂപീകരണം |
| പ്രോജക്ട് നമ്പർ | 1/16 |
| അടങ്കൽ | 150000/- |
| ചെലവ് | 149934/- |
| ഡി.ഡി.നമ്പർ/തീയതി | 2665508/13.2.2015 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2015-16 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേർന്ന വികസന സെമിനാറിൽ പങ്കെടുത്തവർക്ക് ഉപഹാരമായി കാസറോളുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. ഇതിന് 35,000/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്(ഡി.ഡി.നമ്പർ/തീയതി 2665508/13.2.2015). പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ചെലവുകൾക്ക് നീക്കിവച്ചിട്ടുള്ള തുക ഉപയോഗിച്ച് ഉപഹാരങ്ങൾ വാങ്ങി വിതരണം ചെയ്തത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, അന്നത്തെ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ഓഡിറ്റ് പൂർത്തീകരണത്തിന് ശേഷം ബന്ധപ്പെട്ട കാലയളവിലെ സെക്രട്ടറി മറുപടി ലഭ്യമാക്കിയെങ്കിലും ആയത് തൃപ്തികരമല്ല. 35000/-രൂപയുടെ ചെലവ് പദ്ധതിപ്പണത്തിന്റെ ദുരുപയോഗമായതിനാൽ തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി നിയമാനുസൃതം സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-15 തൊഴിൽപരിശീലന/സംരംഭ പദ്ധതികളുടെ പേരിൽ ഫലപ്രദമാകാത്ത നിരവധി കെട്ടിടങ്ങൾ

വിവിധ പദ്ധതിക്കാലയളവിലായി ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് തൊഴിൽപരിശീലന/സംരംഭ പദ്ധതികളുടെ പേരിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈകെട്ടിടങ്ങളിലൊന്നും തൊഴിൽപരിശീലന/സംരംഭവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2015-16 വർഷം ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.(ഓരോ വർഷവും വിഭജിക്കപ്പെട്ട എസ്റ്റിമേറ്റുകൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിനാൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള ആകെ മൂലധനച്ചെലവ് നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല)

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവ് |
|---|---|---|
| 37/15-16 | മീനടം മാളികപ്പടി വനിത തൊഴിൽ പരിശീലനകേന്ദ്രം | 5,78,448 |
| 38/15-16 | ബ്ലോക്ക്പഞ്ചായത്ത് വനിത തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | 9,98,286 |
| 54/15-16 | ളാക്കാട്ടൂർ എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | 5,00,000 |
| 106/15-16 | ളാക്കാട്ടൂർ എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | 2,25,350 |
| 108/15-16 | ബ്ലോക്ക്പഞ്ചായത്ത് വനിത തൊഴിൽ പരിശീലനകേന്ദ്രം | 5,05,361 |
| | ആകെ | 28,07,445 |

മേൽ പറഞ്ഞതു കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി യുവജനങ്ങൾക്കായുള്ള തൊഴിൽ പരിശീലന

കേന്ദ്രത്തിന് വേണ്ടി 14,70,810/- രൂപ വകയിരുത്തിയിരുന്നെങ്കിലും തൻവർഷം ചെലവ് ഉണ്ടായിട്ടില്ല. ഓഡിറ്റ് ഭൗതിക പരിശോധന നടത്തിയതിലും വിശദാംശങ്ങൾ ശേഖരിച്ചതിലും കെട്ടിടങ്ങൾ ഒന്നും തന്നെ നിർദ്ദിഷ്ടാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. വികസനഫണ്ടിന്റെ വിനിയോഗം കെട്ടിട നിർമ്മാണത്തിനുമാത്രമായി പരിമിതപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് 28.03.2016-ൽ 5 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്(പ്രൊജക്ട് നം.132/16). ബ്ലോക്ക് പഞ്ചായത്തിലെ മാലം ഡിവിഷനിലെ 3,4,6,7,8,10,11 എന്നീ വാർഡുകളിൽ കുഴൽകിണർ നിർമ്മാണത്തിനാണ് തുക നിക്ഷേപിച്ചത്(ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.03.2016 ലെ നടപടിക്രമം എ4-570/16 പ്രകാരം). ഡെപ്പോസിറ്റ് തുകയുടെ വിനിമയത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | മാലം ഡിവിഷനിലെ വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 5,00,000/- (ഡിഡി നം..413161 തീയതി 21.03.2016) | ഇല്ല | 5,00,000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. എന്നാൽ ഇന്ദിര ആവാസ് യോജന പദ്ധതിക്കായി 2013-14 വർഷത്തിൽ 52.5 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്. വായ്പ തുക സാംഖ്യയിൽ അക്കൗണ്ട് ചെയ്യാത്തതിനാലാണ് ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക ബാധ്യതയായി ഉൾപ്പെടാതിരുന്നത്. ഈ വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ കൺവീനർമാരിൽ നിന്നും റിക്കവറി നടത്തിയ 26,747/- രൂപ 350800299 എന്ന റവന്യൂ റിക്കവറി ശീർഷകത്തിലാണ് അക്കൗണ്ടു ചെയ്തിരിക്കുന്നത്. ലഭിച്ച ആകത്തുകയിൽ 21,747/- രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്. 31.03.2016-ൽ പ്രസ്തുത കണക്ക് ശീർഷകത്തിൽ 5000/- രൂപ അവശേഷിക്കുന്നുണ്ട്. തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007-08 | ഭാഗം-3<br>3-1 | 14300/- | ലളിതാമ്മൽ, കൺവീനർ | 11502400002/22.04.2015 |
| | | 5000/- | | 11502400012/30.06.2015 |
| | | 2000/- | | 11502400017/30.09.2015 |
| | | 1000/- | | 11502400022/30.12.2015 |
| | | 1000/- | | 11502400030/06.02.2016 |
| | | 3447/- | വർഗ്ഗീസ് റ്റി.സി., കൺവീനർ | 11502400026/16.01.2016 |

ജീവനക്കാരിൽ നിന്നുള്ള ഓഡിറ്റ് റിക്കവറിയായി തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20,<br>28,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി -അപാകതകൾ (ആകെ ചെലവ് - 108709 രൂപ) | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,32,31,922 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,33,61,997 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 352110+942.50(നികുതി) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1390234 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 5,460 | ശ്രീ.പി.യു.അഹമ്മദ് കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 5,460 | ശ്രീ.സുരേഷ് കുമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | | 63,685 | ശ്രീ.പി.യു.അഹമ്മദ് കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 63,685 | ശ്രീ.സുരേഷ് കുമാർ<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7-1 | | 29,808 | ശ്രീ.പി.യു.അഹമ്മദ് കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 29,808 | ശ്രീ.സുരേഷ് കുമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7-2 | | 27,945 | ശ്രീ.പി.യു.അഹമ്മദ് കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 27,945 | ശ്രീ.സുരേഷ് കുമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8-1 | | 32,797 | ശ്രീ.സുരേഷ് കുമാർ<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8-2 | | 55,417 | ശ്രീ.സുരേഷ് കുമാർ<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | | 6,600 | ഡോ.മനോജ് കെ.എ.<br>മെഡിക്കൽഓഫീസർ(സൂപ്രണ്ട്)<br>താലൂക്ക് ആശുപത്രി പാമ്പാടി |
| 3-14 | | 35,000 | ശ്രീ.അരവിന്ദാക്ഷൻ നായർ<br>സെക്രട്ടറി |
| ആകെ | ഇല്ല | 3,83,610 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 5,21,420 | സുരേഷ് കുമാർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7-1 | 5,83,749 | സുരേഷ് കുമാർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7-2 | 2,54,610 | സുരേഷ് കുമാർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 10,005 | ഡോ. മനോജ് കെ.എ.,<br>മെഡിക്കൽഓഫീസർ(സൂപ്രണ്ട്),<br>താലൂക്ക് ആശുപത്രി, പാമ്പാടി |
| 3-13 | 20,450 | അരവിന്ദാക്ഷൻ നായർ, സെക്രട്ടറി |
| ആകെ | 13,90,234 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

942.50 രൂപ വാറ്റ്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് കമാർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ശാലിനിസദനം,<br>കല്ലുമല പി.ഒ.,<br>മാവേലിക്കര,<br>ആലപ്പുഴ-690110 |
| ശ്രീ.പി.യു.അഹമ്മദ് കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | പൂങ്കറിഞ്ഞിയിൽ<br>ഇഷാ മൻസിൽ,<br>കുട്ടപ്പുഴ പി.ഒ.,<br>തിരുവല്ല-689103 |
| ശ്രീ.അരവിന്ദാക്ഷൻ നായർ<br>സെക്രട്ടറി | റിട്ടയേർഡ് | മോഹന വിലാസം,<br>പെരുമ്പായിക്കാട് പി.ഒ.,<br>കോട്ടയം |
| ഡോ.മനോജ് കെ.എ.,<br>മെഡിക്കൽ<br>ഓഫീസർ (സൂപ്രണ്ട്)<br>താലൂക്ക് ആശുപത്രി, പാമ്പാടി | മെഡിക്കൽ ഓഫീസർ(സൂപ്രണ്ട്)<br>താലൂക്ക് ആശുപത്രി പാമ്പാടി | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01,<br>2001-02 | പി12/421/14/5.5.15/16.9.15 | 21 | |
| 2002-03 | പി12/421/14/06.05.15/16.09.15 | 9 | |
| 2003-04 | പി12/421/14/06.05.15/16.09.15 | 13 | |
| 2004-05 | പി12/421/14/06.05.15/16.09.15 | 3 | |
| 2005-06 | പി12/421/14/06.05.15/16.09.15 | 13 | |
| 2006-07 | പി12/421/14/06.05.15/16.09.15 | 16 | |
| 2007-08 | പി12/421/14/06.05.15/16.09.15 | 2 | |
| 2008-09 | പി12/421/14/06.05.15/16.09.15 | 3 | |
| 2009-10 | പി12/421/14/06.05.15/16.09.15 | 5 | |
| 2010-11 | പി12/421/14/06.05.15/16.09.15 | 12 | |
| 2011-12 | പി12/810/14/05.02.14 | 23 | |
| 2012-13 | പി12/1335/14/07.09.15/16.09.15 | 12 | |
| 2013-14 | പി12/179/15/12.01.16 | 6 | |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി12/188/16/26.02.2016 | | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് മറുപടി നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി12/139/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 08.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം